# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2940

07.12.2018-ലെ മറുപടി

### ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2016 വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ആറൻമുള മണ്ഡലത്തിൽ പ്പെടുന്ന ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്രം എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്നതുമായ കുടിവെള്ള പദ്ധതിക്ക് എത്ര തുകയായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വ്യക്തമാക്കുമോ; | (എ) | ഇരവിപേരൂർ, കോയിപ്രം, തൊട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുന്ന പുറമറ്റവും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദനഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒന്നാം ഘട്ടം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിന് 4235 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ, ഈ പദ്ധതിയുടെ രണ്ടാം ഘട്ടം കിഫ്ബിയുടെ സഹായത്തോടെ നടപ്പാക്കാൻ 2017- 18 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദമായ അടങ്കൽ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ? | (സി) | ഈ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിക്കുന്നു. കോയിപ്രം പഞ്ചായത്തിൽ ഒന്നാംഘട്ടത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രതിദിനം 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലക്കു വേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലമെടുപ്പിനെതിരെ വസ്തു ഉടമ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയുണ്ടായി തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 30.10.2018 ന് പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ വസ്തു ഉടമയെ നേരിൽ കേട്ടശേഷം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ